# FIRST BELL-2
# SOCIAL SCIENCE -I
# CHAPTER-7




BIJU KK, GHSS TUVVUR, MALAPPURAM 2021-22

വിധിയുടെ ചക്രങ്ങൾ ഒരുനാൾ ഇന്ത്യ ഉപേക്ഷിക്കുവാൻ ബ്രിട്ടീഷുകാരെ നിർബന്ധിതരാക്കും. പക്ഷേ ഏതുരൂപത്തിലുള്ള ഇന്ത്യയെയാവും അവർ ഇവിടെ ഉപേക്ഷിച്ചു പോകുക. നൂറ്റാണ്ടുകളായുള്ള അവരുടെ ഭരണത്തിന്റെ അരുവി അവസാനം വറ്റിവരണ്ട് പോകുമ്പോൾ അവർ വിട്ടുപോകുന്നത് ചെളിയുടെയും അഴുക്കിന്റെയും കൂമ്പാരമായിരിക്കും.

രവീന്ദ്രനാഥ ടാഗോർ

സ്വതന്ത്ര ഇന്ത്യയിൽ അഭയാർത്ഥിപ്രവാഹങ്ങൾ ഉണ്ടാകാൻ ഇടയായ സാഹചര്യവും ഫലവും വിശദമാക്കുക.

-ഇന്ത്യാ വിഭജനത്തിന്റെ ഫലമായാണ് അഭയാർത്ഥി പ്രവാഹങ്ങൾ ഉണ്ടായത്.

-ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിലേക്കും പാക്കിസ്ഥാനിൽ നിന്നും ഇന്ത്യയിലേക്കും അഭയാർത്ഥി പ്രവാഹങ്ങൾ ഉണ്ടായി.

-രാജ്യത്തിന്റെ പലയിടത്തും വർഗ്ഗീയലഹളകൾ നടന്നു (കൽക്കട്ട, ബീഹാർ, നവഖാലി, ദില്ലി, പഞ്ചാബ്, കാശ്മീർ).

-ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു.

## വിഭജനം സിനിമയിൽ



വിഭജനകാലത്തെ സംഭവങ്ങളെ ആസ്പദമാക്കി ധാരാളം സിനിമകൾ നിർമിക്കപ്പെട്ടിട്ടുണ്ട്. ഋത്വിക് ഘട്ടക്കിന്റെ 'മേഘെ ധാക്കധാര', എം.എസ്. സത്യുവിന്റെ 'ഗരംഹവ', ഗോവിന്ദ് നിഹലാനിയുടെ 'തമസ്സ്', പമേല റൂക്ക്സിന്റെ 'ട്രെയിൻ ടു പാകിസ്ഥാൻ' എന്നിവ വിഭജനകാലത്തെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി നിർമിച്ച പ്രശസ്ത സിനിമകളാണ്.



## ഗാന്ധിജിയുടെ രക്തസാക്ഷിത്വം

“നമ്മുടെ ജീവിതത്തിൽ നിന്ന് പ്രകാശം മറഞ്ഞുപോയിരിക്കുന്നു. എവിടെയും ഇരുട്ടാണ്”. ഗാന്ധിജിയുടെ മരണത്തെക്കുറിച്ച് നെഹ്റു പറഞ്ഞ വാക്കുകളാണിത്. ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് മോചിപ്പിക്കാനുള്ള അഹിംസാത്മക സമരത്തിന് നേതൃത്വം നൽകിയ ഗാന്ധിജി 1948 ജനുവരി 30 ന് ഡൽഹിയിലെ പ്രാർഥനായോഗ സ്ഥലത്തുവച്ച് നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റു മരിച്ചു. ഇന്ത്യാ വിഭജനശേഷം നടന്ന വർഗീയ ലഹളകളുടെ അനന്തരഫലമായിരുന്നു ഗാന്ധിജിയുടെ രക്തസാക്ഷിത്വം.

## സ്വതന്ത്ര ഇന്ത്യ നേരിട്ട പ്രധാനപ്പെട്ട വെല്ലുവിളികൾ ഏവ?

-അഭയാർത്ഥിപ്രവാഹം,

-നാട്ടുരാജ്യങ്ങളുടെ സംയോജനം,

-ഭരണഘടനാ രൂപീകരണം,


-ജനാധിപത്യ വ്യവസ്ഥയുടെ രൂപീകരണം (ഇന്ത്യയിലെ ആദ്യ പൊതുതെരഞ്ഞെടുപ്പ്),

-ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം.

# *Muslims In British India*

## *According To The Census Of 1941*

| India (24.08%) | | | | |
|---|---|---|---|---|
| | Divisions | Total Population | Muslim Population | Muslim % |
| 01 | British India | 292,164,791 | 79,055,078 | 27.09 |
| 02 | Princely States | 88,167,852 | 12,533,063 | 14.22 |
| | Total | 380,167,852 | 91,533,141 | 24.08 |




| No. | State |
|---|---|
| 01 | Hunza |
| 02 | Nagar |
| 03 | Gilgit |
| 04 | Chitral |
| 05 | Dir |
| 06 | Swat |
| 07 | Amb |
| 08 | Phulra |
| 09 | Tribal Areas |
| 10 | Bahawalpur |
| 11 | Khairpur |
| 12 | Kalat |
| 13 | Kharan |
| 14 | Makran |
| 15 | Las Bela |
| 16 | Maler Kotla |
| 17 | Loharu |
| 18 | Dujana |
| 19 | Pataudi |
| 20 | Rampur |
| 21 | Baoni |
| 22 | Tonk |
| 23 | Jaora |
| 24 | Bhopal |
| 25 | Mohammadgarh |
| 26 | Pathari |
| 27 | Nawab Basoda |
| 28 | Kurwai |
| 29 | Palanpur |
| 30 | Radhanpur |
| 31 | Zainabad |
| 32 | Balasinor |
| 33 | Khambayat |
| 34 | Sachin |
| 35 | Jafarabad |

| | |
|---|---|
| 35 | Jafarabad |
| 36 | Junagadh |
| 37 | Manavadar |
| 38 | Kamadhia |
| 39 | Bildi |
| 40 | Janjira |
| 41 | Savanur |
| 42 | Hyderabad |
| 43 | Banganapalle |
| 44 | J & K |
| 45 | Kapurthala |

- Muslim Majority Provinces
- Muslim Majority States With Muslim Rulers
- States Ruled By Muslims But With Non-Muslim Majority
- Muslim Majority States With Non-Muslim Rulers
- Other Princely States
- Hindu Majority Provinces

Partition Line of 1947


*Tariq Amir*
*27.02.2016.*
*tariqamir1015@gmail.com*

സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം വിഷമം പിടിച്ച വെല്ലുവിളിയായിമാറിയ സാഹചര്യം വ്യക്തമാക്കുക.

-ബ്രിട്ടീഷുകാർ ഇന്ത്യയിൽനിന്നും പോകുമ്പോൾ ബ്രിട്ടീഷ് നിയന്ത്രിത പ്രദേശങ്ങൾക്ക് പുറമെ അറുനൂറോളം നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു.

-നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരാനോ സ്വാതന്ത്രമായി നിൽക്കാനോ ഉള്ള അധികാരം നൽകിയാണ് ബ്രിട്ടൻ ഇന്ത്യ വിട്ടത്.

-അതുകൊണ്ട് തന്നെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ സംയോജിപ്പിക്കുകയെന്നത് വളരെ വിഷമം പിടിച്ച വെല്ലുവിളിയായിമാറി.




BIJU KK, GHSS TUVVUR, MALAPPURAM 2021-22



## സ്വതന്ത്ര  ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം സാദ്ധ്യമായതെങ്ങനെ?


–കേന്ദ്രമന്ത്രി സഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന സർദാർ വല്ലഭായി പട്ടേലിന്റെ ചുമതലയായിരുന്നു നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ചേർക്കുകയെന്നത്.

–സർദാർ വല്ലഭായി പട്ടേലും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി നിയമിക്കപ്പെട്ട വി.പി.മേനോനും ചേർന്ന് ലയനക്കരാർ രൂപീകരിച്ചു.

-ലയനക്കരാർ പ്രകാരം പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ ഇന്ത്യൻ സർക്കാറിന് നൽകണം.

-ജനകീയപ്രതിഷേധങ്ങൾ, ഇന്ത്യഗവൺമെന്റിന്റെ പ്രായോഗിക സമീപനം എന്നിവകൊണ്ട് ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ചു.


-ലയനക്കരാറിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ച ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും പിന്നീട് ഇന്ത്യൻ യൂണിയനിൽ ചേർത്തു.




BIJU KK, GHSS TUVVUR, MALAPPURAM 2021-22

ഫ്രാൻസ്, പോർച്ചുഗൽ എന്നിവരുടെ അധിനിവേശ പ്രദേശങ്ങൾ, ഇവ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം എന്നിവ പട്ടികപ്പെടുത്തുക.

| | | |
|---|---|---|
| ഫ്രൻസ് | പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം | 1954 |
| പോർച്ചുഗൽ | ഗോവ, ദാമൻ, ദിയു | 1961 |





ഇന്ത്യയുടെ ഭരണഘടനാ രൂപീകരണത്തെക്കുറിച്ച് വിവരിക്കുക.

-കാബിനറ്റ് മിഷന്റെ നിർദേശപ്രകാരം 1946 ൽ ഡോ. രാജേന്ദ്രപ്രസാദ് അധ്യക്ഷനായി ഭരണഘടന നിർമ്മാണസഭ രൂപീകരിച്ചു.

-ഭരണഘടന എഴുതി തയ്യാറാക്കുന്നതിനു വേണ്ടി ബി.ആർ.അംബേദ്ക്കർ അദ്ധ്യക്ഷനായി ഒരു ഡ്രാഫ്റ്റിങ് കമ്മിറ്റിയെ നിയമിച്ചു.

-നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെ- യും ഭരണഘടനക്ക് രൂപം നൽകി.

-ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഉയർന്നു വന്ന ആശയാഭിലാക്ഷങ്ങളുടെ പ്രതിഫലനം ആയിരുന്നു ഇന്ത്യയുടെ ഭരണഘടന.

-1950 ജനുവരി 26 നു സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന നിലവിൽ വന്നു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22

ഇന്ത്യയുടെ ജനാധിപത്യം സംരക്ഷിക്കുന്നതിൽ ഭരണഘടന വഹിക്കുന്ന പങ്കെന്ത്?

-ഭരണഘടന അനുസരിച്ച് ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്.
-ജനാധിപത്യ ഭരണമായതിനാൽ എല്ലാ പൗരൻമാർക്കും രാഷ്ട്രീയ അവകാശങ്ങൾ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്.

-കൃത്യമായ ഇടവേളകളിൽ സ്വതന്ത്രവും നിക്ഷ്പക്ഷവുമായ തെരഞ്ഞെടുപ്പുകൾ നടത്തണമെന്ന് ഭരണഘടന അനുശാസിക്കുന്നു.
-കൂടാതെ ജനങ്ങൾക്ക് മൗലിക അവകാശങ്ങളും ഭരണഘടന ഉറപ്പ് നൽകുന്നു.

ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണത്തിനിടയായ സാഹചര്യം വ്യക്തമാക്കുക.

-സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന അവശ്യം ഉന്നയിച്ചുകൊണ്ട് ജനകീയപ്രക്ഷോഭങ്ങൾ ആരംഭിച്ചു.

-തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിക്കണമന്ന് ആവശ്യപ്പെട്ട് നിരാഹാരസമരം നടത്തിയ സ്വാതന്ത്ര്യസമരസേനാനി പോട്ടി ശ്രീരാമലു മരണപ്പെട്ടു.

BIJU KK, GHSS TUVVUR, MALAPPURAM 2021-22



-തുടർന്ന് പ്രക്ഷോഭം ശക്തമായതിനാൽ  തെലുങ്ക് സംസാരിക്കുന്നവർക്കായി 1953 ൽ ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിച്ചു.

-ഇതേതുടർന്ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന അവശ്യം ശക്തമായി.

-ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനസംഘടിപ്പിക്കാനായി സംസ്ഥാന പുനസംഘടനാ കമ്മീഷൻ രൂപീകരിച്ചു.

–ഫസൽ അലി അധ്യക്ഷനും, എച്ച്.എൻ.കുൻസ്രു, മലയാളിയായ കെ.എം.പണിക്കർ എന്നിവർ മറ്റംഗങ്ങളുമായിരുന്നു.



ഫസൽ അലി




എച്ച്.എൻ. കുൻസ്രു




കെ.എം.പണിക്കർ

-ഈ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 1956 ൽ ഭാഷാടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പുനസംഘടനാനിയമം പാർലമെന്റ് പാസാക്കി.

-ഇതുപ്രകാരം പതിനാല് സംസ്ഥാനങ്ങളും ആറ് കേന്ദ്ര ഭരണപ്രദേശങ്ങളും നിലവിൽ വന്നു.

**The 14 states were - Andhra Pradesh, Assam, Bihar, Bombay, Jammu and Kashmir, Kerala, Madhya Pradesh, Madras, Mysore, Orissa, Punjab, Rajasthan, Uttar Pradesh and West Bengal.**

**The six union territories were Andaman and Nicobar Islands, Delhi, Himachal Pradesh, Laccadive, Minicoy and Amindivi Islands, Manipur and Tripura.**

സ്വതന്ത്ര ഇന്ത്യ സംസ്ഥാന പുനസംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിച്ചതെന്തുകൊണ്ട്?

-ഒരു നാട്ടുരാജ്യത്തിൽ തന്നെ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരുന്നു.

-ഇവിടുത്തെ ജനങ്ങൾ അനുഭവിച്ച ഒരു പ്രധാന പ്രശ്നമായിരുന്നു ഭാഷയുമായി ബന്ധപ്പെട്ടത്.

-ആശയവിനിമയത്തിന് ഭാഷാന്യൂനപക്ഷങ്ങൾ വളരെ ബുദ്ധിമുട്ടി.

–ഭാഷാന്യൂനപക്ഷങ്ങൾക്ക് അർഹമായ അനുകൂല്യങ്ങൾ ലഭിക്കാതെയായി.

–ഒരേ ഭാഷ സംസാരിച്ചിട്ടും ഒരേ സംസ്കാരമായിരുന്നിട്ടും മലയാളികളെ പോലുള്ളവർക്ക് പല സംസ്ഥാനങ്ങളിൽ കഴിയേണ്ടി വന്നു.

–ഇവയെല്ലാമാണ് സംസ്ഥാന പുനസംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിക്കാൻ കാരണമായത്.



# ആസൂത്രണ കമ്മീഷൻ

1950 മാർച്ച് 15 ന് ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചെയർമാനും ഗുൽസാരിലാൽ നന്ദ വൈസ് ചെയർമാനുമായിരുന്നു. ടി.ടി കൃഷ്ണമാചാരി, സി.ഡി. ദേശ്മുഖ് എന്നിവർ അംഗങ്ങളുമായിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയെ സാമ്പത്തികമായി മുന്നേറ്റത്തിന് സഹായിച്ച ഘടകങ്ങൾ ഏവ?  (സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തിക മുന്നേറ്റങ്ങൾ പട്ടികപ്പെടുത്തുക.)

–മിശ്രസമ്പദ്വ്യവസ്ഥ സ്വീകരിച്ചു,

–കേന്ദ്രീകൃത സാമ്പത്തികാസൂത്രണം നടപ്പിലാക്കി,

–1950ൽ ആസൂത്രണക്കമ്മീഷൻ നിലവിൽ വന്നു.

–1951 ൽ പഞ്ചവത്സരപദ്ധതി ആരംഭിച്ചു.

–വിദേശരാജ്യങ്ങളുടെ സഹായത്തോടെ ഇരുമ്പുരുക്ക് വ്യവസായങ്ങൾ ആരംഭിച്ചു.

–വൻകിട വിവിധോദ്ദേശ്യ അണക്കെട്ടുകൾ സ്ഥാപിച്ചു. (ഭക്രാനംഗൽ അണക്കെട്ട്).

–വൈദ്യുതനിലയങ്ങൾ ആരംഭിച്ചു.

–ജലസേചനസൗകര്യങ്ങൾ ലഭ്യമായതോടെ ഇന്ത്യയിൽ കാർഷികോൽപ്പാദനം വർധിച്ചു.

–കാർഷിക പുരോഗതി, കന്നുകാലി സംരക്ഷണം, ഭൗതിക സാഹചര്യങ്ങളുടെ ഉന്നമനം തുടങ്ങിയ ലക്ഷ്യങ്ങളോടെ ദേശീയ തലത്തിൽ അൻപത്തിയഞ്ച് പദ്ധതിക്ക് 1952 ഒക്ടോബർ 2 ന് തുടക്കം കുറിച്ചു.

## ഭക്രാനംഗൽ



ലോകത്തിലെ ഏറ്റവും ഉയരമുള്ള രണ്ടാമത്തെ അണക്കെട്ടായ ഭക്രാനംഗലിന് 680 അടിയാണ് ഉയരം. ഭക്രയിൽ പണിയെടുത്തിരുന്നവർ ഒരാളൊഴികെ എല്ലാവരും ഇന്ത്യക്കാരായിരുന്നു. ആ ഒരാൾ ഒരു അമേരിക്കക്കാരനായിരുന്നു - ഹാർവി സ്ലോകം. സ്ലോകമിന് പ്രാഥമിക വിദ്യാഭ്യാസം തീരെയില്ലായിരുന്നു. അയാൾ ഒരു ഉരുക്കുശാലയിലെ പണിക്കാരന്റെ സ്ഥാനത്തുനിന്ന് ഗ്രാന്റ് കൗലി അണക്കെട്ടിന്റെ (ലോകത്തിലെ ഏറ്റവും ഉയരമുള്ള അണക്കെട്ട്) സൂപ്രണ്ട് പദവിയിലേക്ക് ഉയർന്നു. 1952 ൽ ഭക്രാ ടീമിലേക്ക് ചീഫ് എഞ്ചിനീയറായി സ്ലോകം എത്തുന്നത് ജവഹർലാൽ നെഹ്റുവിന്റെ ശ്രമഫലമായാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

-നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചു.

-നിരവധി ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു.

-ശാസ്ത്ര-ഗവേഷണ സമിതി, ഇന്ത്യൻ കാർഷിക ഗവേഷണ സമിതി, ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി തുടങ്ങിയവയായിരുന്നു അവ.

-ശാസ്ത്ര-ഗവേഷണ സമിതിയുടെ നേതൃത്വം ഹോമി ജഹാംഗീർ ഭാഭ, എസ്.എൻ.ഭട്നാഗർ എന്നിവർക്കായിരുന്നു.



ഹോമി ജഹാംഗീർ ഭാഭ



എസ്.എൻ.ഭട്നാഗർ

BIJU KK, GHSS TUVVUR, MALAPPURAM 2021-22

- ഹോമി ജഹാംഗീർ ഭാഭയുടെ നേതൃത്വത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജകമ്മീഷൻ എന്നിവ നിലവിൽ വന്നു.

-ലോകോത്തര നിലവാരമുള്ള എൻജിനീയറിങ് വിദ്യാലയങ്ങൾ സ്ഥാപിച്ചു. (Indian Institute of Technology-5എണ്ണം സ്ഥാപിച്ചു.)

-ഇതിന്റെയെല്ലാം ഫലമായി മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എൻജിനീയറിങ്, ജനിതകശാസ്ത്രം, ജൈവസാങ്കേതികവിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്ര ഗവേഷണം, വിവരസാങ്കേതികവിദ്യ, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ വൻനേട്ടം കൈവരിച്ചു.



## വിക്രം സാരാഭായി



ആണവശാസ്ത്ര മേഖലയിലും ബഹിരാകാശ മേഖലയിലും ഒരുപോലെ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞനാണ് വിക്രം സാരാഭായി. കേംബ്രിഡ്ജിൽ നിന്ന് ഉന്നതവിദ്യാഭ്യാസം നേടി ഇന്ത്യയിലെത്തിയ അദ്ദേഹം അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ ഫിസിക്സ് പ്രൊഫസറും ഡയറക്ടറുമായി. തുമ്പ ബഹിരാകാശ ഗവേഷണകേന്ദ്രം, അഹമ്മദാബാദിലെ ഉപഗ്രഹ വാർത്താവിനിമയ കേന്ദ്രം തുടങ്ങിയവയുടെ ശില്പി വിക്രം സാരാഭായിയാണ്. അദ്ദേഹത്തിന്റെ ഓർമയ്ക്കായി തുമ്പയിലെ ബഹിരാകാശ കേന്ദ്രത്തിന് ‘വിക്രം സാരാഭായി സ്പേസ് സെന്റർ’ (വി.എസ്.എസ്.സി) എന്ന പേരു നൽകി.

സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ രംഗങ്ങളിൽ നേടിയ പുരോഗതി വിശദമാക്കുക.

-1962 ൽ ജവഹർലാൽ നെഹ്റു, വിക്രം സാരാഭായി എന്നിവരുടെ ശ്രമഫലയി ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണസമിതി രൂപീകരിച്ചു.

-1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന രൂപീകരിച്ചു(ISRO).

-ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ നേതൃത്വം ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയ്ക്കാണ്(ISRO).

-തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചു.

-1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.

-ബഹിരാകാശ വിക്ഷേപണ വാഹനങ്ങൾ വികസിപ്പിച്ചു.

-ഉപഗ്രഹങ്ങൾ നിർമിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വര രാജ്യമാണ് ഇന്ത്യ.

ഇന്ത്യയിൽ ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഏജൻസികൾ?

–നാഷണൽ റിമോട്ട് സെൻസിങ് ഏജൻസി,

–ഫിസിക്കൽ റിസർച്ച് ലബോറട്ടറി.

BIJU KK, GHSS TUVVUR, MALAPPURAM 2021-22


AGNI 1
AGNI 2
AGNI 3
AGNI 4
AGNI 5


DRDO
PRITHVI
INDIA


ഇന്ത്യ വികസിപ്പിച്ചെടുത്ത മിസൈലുകൾ ഏവ?

-അഗ്നി,

-പൃഥ്വി.

# ഇന്ത്യയിൽ ആണവപരീക്ഷണങ്ങൾക്ക് നേതൃത്വം നൽകിയവർ ആരെല്ലാം?







ഡോ.രാജാരാമണ്ണ

ഡോ.എ.പി.ജെ.അബ്ദുൽകലാം

BIJU KK, GHSS TUVVUR, MALAPPURAM 2021-22

# ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യം?



**BIJU KK, GHSS TUVVUR, MALAPPURAM 2021-22**

-ചന്ദ്രയാൻ  2008 ഒക്ടോബർ-22

-അമേരിക്ക, റഷ്യ, യൂറോപ്യൻ സ്പേസ് ഏജൻസി (നാസ), ചൈന, ജപ്പാൻ  എന്നീ രാജ്യങ്ങൾക്കു ശേഷം ചന്ദ്രന്റെ ഭ്രമണപഥത്തിൽ സ്വന്തം പേടകമെത്തിക്കുന്ന രാജ്യമായി ഇന്ത്യമാറി.

## ഇന്ത്യയുടെ ആദ്യത്തെ ചൊവ്വ പര്യവേഷണ ദൗത്യം

–മംഗൾയാൻ.

–ഭൂമിയിൽ നിന്നും ഏറ്റവും അകലെയെത്തിയ ഇന്ത്യൻ നിർമിത പേടകമാണ് മംഗൾയാൻ.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിയമിച്ച വിദ്യാഭ്യാസ കമ്മീഷനുകളും, ലക്ഷ്യങ്ങളും, ശുപാർശകളും പട്ടികപ്പെടുത്തുക.

ഡോ.രാധാകൃഷ്ണൻ കമ്മീഷൻ (1948)

ലക്ഷ്യം – സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം

ശുപാർശകൾ – തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക, സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം, യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ രൂപീകരിക്കണം.

# ഡോ.ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ(1952)

**ലക്ഷ്യം** – സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെ കുറിച്ചുള്ള പഠനം.

**ശുപാർശകൾ** – ത്രിഭാഷാ പദ്ധതി നടപ്പാക്കണം, സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻരൂപീകരിക്കണം, വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം, അധ്യാപക പരിശീലന സമിതി രൂപീകരിക്കണം.

## ഡോ.ഡി.എസ്.കോത്താരി കമ്മീഷൻ (1964)

**ലക്ഷ്യം** – വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃപറ്റിയുള്ള നിർദേശം

**ശുപാർശകൾ** – 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പാക്കണം, സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കണം, ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.

## 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദേശങ്ങൾ ഏവ?

-പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.

-പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിൽ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം.


-ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം.

-പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

–2009 ൽ ഇന്ത്യാ ഗവൺമെൻറ് വിദ്യാഭ്യാസം മൗലികാവകാശമാക്കിക്കൊണ്ട് നിയമം പാസാക്കി.

–കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള സർവശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ തുടങ്ങിയവ സംയോജിപ്പിച്ച് 2018 മുതൽ "സമഗ്രശിക്ഷാ അഭിയാൻ " പദ്ധതി രാജ്യത്ത് നടപ്പാക്കി വരുന്നു.

## മൗലാനാ അബുൽ കലാം ആസാദ്



സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയാണ് മൗലാനാ അബുൽ കലാം ആസാദ്. സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസനയം രൂപപ്പെടുത്തുന്നതിൽ അദ്ദേഹം സുപ്രധാന പങ്കുവഹിച്ചു. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസദിനമായി ആചരിക്കുന്നു. അദ്ദേഹം രചിച്ച ശ്രദ്ധേയമായ ഗ്രന്ഥമാണ് ‘ഇന്ത്യ വിൻസ് ഫ്രീഡം’.

# ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും വിശദമാക്കുക.

| സ്ഥാപനം | പ്രവർത്തനലക്ഷ്യം | ആസ്ഥാനം |
|---|---|---|
| സംഗീത നാടക അക്കാദമി | സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോത്സാഹനം | ന്യൂഡൽഹി |
| ലളിതകലാ അക്കാദമി | ഇന്ത്യക്കകത്തും പുറത്തും ഇന്ത്യൻ കലകളുടെ പ്രചാരണം | ന്യൂഡൽഹി |
| സാഹിത്യ അക്കാദമി | ഇന്ത്യൻ ഭാഷാസാഹിത്യത്തിന്റെ ഉന്നമനം | ന്യൂഡൽഹി |
| നാഷണൽ സ്കൂൾ ഓഫ് ഡ്രാമ | സംഗീതനാടക അക്കാദമിയുടെ കീഴിൽ സ്ഥാപിതമായി. എല്ലാവർഷവും നാടകമേളകൾ നടത്തുന്നു. | ന്യൂഡൽഹി |
| നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ | കുറഞ്ഞ ചെലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, വായന വളർത്തുക, ഇന്ത്യൻ പുസ്തകങ്ങൾ സ്വദേശത്തും വിദേശത്തും പ്രോത്സാഹിപ്പിക്കുക | ന്യൂഡൽഹി |

ലോകത്തെ എല്ലാ ജനവിഭാഗത്തിന്റെയും സൗഖ്യവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന വലിയ ദൗത്യം ഏറ്റെടുത്തുകൊണ്ട് എല്ലാവരുമായും സൗഹൃദപരമായ സഹകരണമാണ് നമ്മുടെ ലക്ഷ്യം, ആരുമായും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഞങ്ങൾ തയാറല്ലെന്നാണ് ലോകരാജ്യങ്ങളോടുണർത്താനുള്ളത്.

ജവഹർലാൽ നെഹ്റുവിന്റെ പ്രസംഗം (1947)

## ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്ത്വങ്ങൾ ഏവ?

–സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്.

–വംശീയവാദത്തോടുള്ള വിദ്വേഷം.

–ഐക്യരാഷ്ട്രസഭയോടുള്ള വിശ്വാസം.

–സമാധാനപരമായ സഹവർത്തിത്വം.

–പഞ്ചശീലതത്ത്വങ്ങൾ.

–വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ.

–ചേരിചേരായ്മ.

പഞ്ചശീലതത്ത്വങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

1954 ൽ ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രിയായിരുന്ന ചൗ എൻ ലായിയും ചേർന്ന് ഒപ്പിട്ട കരാറാണ് പഞ്ചശീലതത്ത്വങ്ങൾ.

താഴെപറയുന്നവയാണ് പഞ്ചശീലതത്ത്വങ്ങളിലെ പ്രധാന വ്യവസ്ഥകൾ.

–രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
–പരസ്പരം ആക്രമിക്കാതിരിക്കുക.
–ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
–സമത്വവും പരസ്പരസഹായവും പുലർത്തുക.
–സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

# ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 9778300200